# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2659** **18.06.2018 ൽ മറുപടിക്ക്**

## അരുവിക്കരമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള എത്ര റോഡുകളാണ് ഉള്ളത്; ഇവയുടെ ആകെ ദൈർഘ്യം എത്രയാണ്; ഇവയിൽ എത്ര റോഡുകൾആധുനിക നിലവാര ത്തിൽ (ബി.എം.ബി.സി.) നവീകരിച്ചിട്ടുണ്ട്; | (എ) അരുവിക്കര നിയോജക മണ്ഡലത്തിൽ 56 റോഡുകൾ , പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഉണ്ട്. ഇതിന്റെ നീളം 261.04 കി.മീ..ഇതിൽ 11 റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ മണ്ഡലത്തിൽ ഈ സർക്കാർ വന്നതിന് ശേഷം എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നൽകാമോ;പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ ഉണ്ടോ;ഇപ്പോൾ നവീകരണത്തിനായി എത്ര റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ; | (ബി) പുതുതായി റോഡുകൾ ഒന്നും തന്നെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു മണ്ഡലത്തിലും ഏറ്റെടുത്തിട്ടില്ല. നിലവിൽ ആര്യനാട്-അണയിലക്കടവ്- കാരിയോട് റോഡും (2.08 കി.മീ.), ആര്യനാട്-അണയിലക്കടവ്-കൊക്കോട്ടേല-ചെറുമഞ്ചൽ റോഡും (3.1 കി.മീ.) ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. ഇപ്പോൾ (2017-18 സാമ്പത്തിക വർഷം ) നവീകരണത്തിനായി 4 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>1. Improvements to Kulappada-Panacode-Manoorkonam road ch 0/000 to 1/500-150 lakhs<br>2. Improvements to Kulappada-Panacode-Manoorkonam road ch 1/500 to 6/500-600 lakhs<br>3. Improvements to Peyad-Uriyacode road-100 lakhs<br>4. Improvements to Mulayara-Uriyacode road (Peyad-Uriyacode road from km 6/200 to 9/600) by providing 50mm BM&30mmBC-45 lakhs |

| | | |
|---|---|---|
| (സി) | ഈ മണ്ഡലത്തിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര റോഡുകളാണ്നവീകരിക്കുന്നത്; ഇത് ഏതൊക്കെ റോഡുകളാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (സി) ആറ് റോഡുകൾ.<br>1. നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ്-കിഫ്ബി പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 8.5 കി.മീ ദൂരം അരുവിക്കര മണ്ഡലത്തിൽ ഉണ്ട്. അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും.<br>2. തിരുവനന്തപുരം-നെയ്യാർഡാം റോഡ് -ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br>3. വിതുര ബോണക്കാട് റോഡ്-ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>4. അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട ചായം പെരിങ്ങമല റോഡ്, തിരുവനന്തപുരം പൊൻമുടി റോഡിലെ വിതുര ഇരുത്തലമൂല ഭാഗം, നെടുമങ്ങാട് ഷൊർലക്കോട് റോഡിലെ ആര്യനാട് മുതൽ കള്ളിക്കാട് വരെയുള്ള ഭാഗം എന്നിങ്ങനെ 3 റോഡുകൾ മലയോര പാതയിൽ ഉൾപ്പെടുത്തി കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | നെടുമങ്ങാട്- മഞ്ച-അരുവിക്കര-വെള്ളനാട് റോഡ്, കാട്ടാക്കട-പട്ടകുളം-വീരണകാവ്-കള്ളിക്കാട് റോഡ്, വിതുര-ബോണക്കാട് റോഡ് എന്നീ റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;ഈ റോഡുകളുടെ നവീകരണം എന്നേയ്ക്ക് തുടങ്ങാൻ സാധിക്കും; വിശദവിവരം നൽകാമോ? | (ഡി) 1. നെടുമങ്ങാട്- മഞ്ച-അരുവിക്കര-വെള്ളനാട് റോഡ് നവീകരണത്തിനായി കിഫ്ബിയിൽ അംഗീകാരം ലഭിച്ചു. ഇതിന്റെ അതിർത്തി നിർണ്ണയക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും.<br>2. കാട്ടാക്കട-പട്ടക്കുളം-വീരണക്കാവ്-കള്ളിക്കാട് റോഡ് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിലേക്കായി (തിരുവനന്തപുരം-നെയ്യാർഡാം റോഡ്) ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br>3.വിതുര-ബോണക്കാട് റോഡ് -സാമ്പത്തികാനുമതിക്കുള്ള ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു സമർപ്പിച്ച ഡി.പി.ആർ കിഫ്ബിയിൽ അംഗീകാരത്തിനായി പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**